(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം നിരാകരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പരിശോധിച്ചുവരുന്നു.

ചടയമംഗലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വികസനപ്രവർത്തനം

67 [2451] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ റോഡ് സൗകര്യവും വൈദ്യുതി, കുടിവെള്ളം എന്നിവയും എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) ചടയമംഗലം നിയോജകമണ്ഡലത്തിലെ എത്ര കോളനികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും;

(സി) എത്ര രൂപയുടെ പ്രവർത്തനങ്ങളാണ് ചടയമംഗലം നിയോജകമണ്ഡലത്തിൽ ഈ ഇനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പട്ടികജാതി കോളനികളിൽ റോഡ് സൗകര്യവും വൈദ്യുതി, കുടിവെള്ളം എന്നിവയും എത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അന്വേഷണത്തിനുശേഷം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുന്നു. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുവദിച്ച തുക, ജില്ലാ പട്ടികജാതി വികസന ഓഫീസുകൾമുഖേന ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും പദ്ധതി നടപ്പാക്കുകയും ചെയ്യുന്നു.

(ബി) & (സി) ചടയമംഗലം ഗ്രാമപ്പഞ്ചായത്തിലെ കല്ലുമല കോളനിക്ക് ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ വർക്കിനായി ₹2,699 രൂപ അനുവദിക്കുകയും പഞ്ചായത്തിന് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly